## വൈദ്യുതി മേഖലയിലെ അപകടങ്ങൾ

115 (482) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾ, മഴക്കാലങ്ങളിൽ വൈദ്യുതി ലൈൻ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഇവ ഒഴിവാക്കുന്നതിന് എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) വൈദ്യുതിമേഖലയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങളെ ഒഴിവാക്കാൻ സഹായിക്കുന്ന ആധുനിക ഉപകരണങ്ങൾ കെ.എസ്.ഇ.ബി.-ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വൈദ്യുതി വിതരണ ലൈനുകളിൽനിന്നും ഉപകരണങ്ങളിൽനിന്നും ഷോക്കേറ്റുണ്ടാകുന്ന ജീവഹാനി ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കാൻ പലവിധ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ, 2010-ൽ അനുശാസിക്കുന്ന സുരക്ഷാ ഉപകരണങ്ങളായ ഗ്ലൗസ്, റബ്ബർ ഷൂസ്, സേഫ്റ്റി ബെൽറ്റ്, ഹെൽമറ്റ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിച്ച് ലൈൻ ഓഫ് ചെയ്ത് എർത്ത് ചെയ്തതിന് ശേഷം മാത്രമേ വൈദ്യുതി ലൈനുകളിലും പോസ്റ്റുകളിലും ജോലി ചെയ്യാൻ പാടുള്ളൂ എന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകി. അത് പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ട്.

കമ്പി പൊട്ടി വീഴുന്നതുൾപ്പെടെയുള്ള അപകടങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കായി സുരക്ഷാ സംബന്ധമായി ബോധവൽക്കരണ പരിപാടികൾ, എക്സിബിഷനുകൾ തുടങ്ങിയവയും സംഘടിപ്പിച്ചു വരുന്നുണ്ട്.

മഴക്കാലത്ത് ഉണ്ടായേക്കാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെ.വി. ലൈനുകൾ, എൽ.റ്റി ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ,

LIBRARY ARCHIVES Kerala Legislative Assembly

ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിങ്ങ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്ന കിടക്കുന്ന ലൈനുകൾ റീ ഷാക്ലിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് എ.ബി. സ്വിച്ച് എർത്തിങ്ങ്, ലൈറ്റ്നിംഗ് അറസ്റ്റർ, ഓയിൽ ലെവൽ, ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയവ ചെയ്തുവരുന്നു.

വൈദ്യുതി വിതരണ മേഖല പൂർണ്ണമായും അപകടരഹിതമാക്കാൻ ഉദ്ദേശിച്ച് വിവിധ കർമ്മ പദ്ധതികൾ തയ്യാറായിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതു ജനങ്ങളുടെയും കുട്ടികളുടെയും സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിങ്ങ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ ദൃശ്യ/ശ്രവ്യ/പത്ര മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാദ്ധ്യതയുള്ള അലൂമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന-പ്രസരണ-വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതിലേക്കായി 14 തരം വ്യത്യസ്ത സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു വാഹനം എല്ലാ വിതരണ വിഭാഗം ഡിവിഷൻ ഓഫീസ് തലത്തിലും ലഭ്യമാക്കുക, പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെയും വിതരണ ശൃംഖലയുടെയും എർത്തിങ് ദൃഢപ്പെടുത്തുക, 11 കെ.വി.-യോ അതിനുമുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയവ ബോർഡിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly